പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 5959 — 28.10.2011-ൽ മറുപടിക്ക്.

## പൊതുമുതൽ നശീകരണ കേസ്സുകൾക്ക് അതിവേഗ കോടതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. ബെന്നി ബെഹനാൻ : | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പൊതുമുതൽ നശീകരണ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ ആണ് കൈക്കൊണ്ടിട്ടുള്ളത് ; | : (എ) പൊതുമുതൽ നശീകരണ കേസുകൾ കൈകാര്യം ചെയ്യുന്നതിന് കർശനമായ നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. പൊതുമുതൽ നശിപ്പിക്കൽ നിയമപ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും ഇതു സംബന്ധിച്ച കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. റോഡുകളിൽ ക്യാമറകൾ സ്ഥാപിച്ചതുവഴി അക്രമികളുടെ ചിത്രവും ലഭ്യമാകുന്നുണ്ട്. കൂടാതെ ഇത്തരം കേസ്സുകളിൽ പ്രതിയാകുന്നവർക്ക് അനുവദിക്കുന്ന ജാമ്യ വ്യവസ്ഥകൾ കർക്കശമാക്കാൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

(..................2)

| | |
|---|---|
| (ബി) ഇതിനായി അതിവേഗ കോടതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br><br>(സി) ഇതിന് ഹൈക്കോടതിയുടെ അനുമതി തേടിയിട്ടുണ്ടോ ;<br><br>(ഡി) ഏതെല്ലാം ജില്ലകളിലാണ് ഇത് ഉടൻ നടപ്പാക്കുന്നത് ;<br><br>(ഇ) എല്ലാ ജില്ലകളിലും ഇത് നടപ്പാക്കുവാൻ നടപടി എടുക്കുമോ ? | : (ബി), (സി), (ഡി) & (ഇ)<br><br>ഇതിനായി അതിവേഗ കോടതികൾ സ്ഥാപിക്കുന്ന കാര്യം ഹൈക്കോടതിയുമായി ആലോചിച്ച് നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ